# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402


പി.ആർ.ഒ/35/41/2017 <u>പത്രക്കുറിപ്പ്</u> 2017 ഫെബ്രുവരി 23

**അപേക്ഷാതീയതി**

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജുവേറ്റ് (2013 & 2014 അഡ്മിഷൻ-റീ അപ്പിയറൻസ്/സപ്ലിമെന്ററി)ഡിഗ്രി പരീക്ഷകൾ മാർച്ച് 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 28 വരെയും 50 രൂപ പിഴയോടെ മാർച്ച് 1 വരെയും 500 രൂപ സൂപ്പർഫൈനോടെ മാർച്ച് 4 വരെയും സ്വീകരിക്കും. അപേക്ഷകർ 20 രൂപ അപേക്ഷാ ഫോമിന്റെ വിലയായും, ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായും നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. 2013 ന് മുൻപുള്ള അഡ്മിഷൻ / മേഴ്സി ചാൻസ് പരിക്ഷകൾ പിന്നീട്.

ഫെബ്രുവരി 28ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ സപ്ലിമെന്ററി/മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷകൾ ഫെബ്രുവരി 25 ന് വൈകുന്നേരം 5 മണി വരെ അപേക്ഷകൾ സർവ്വകലാശാലയിൽ നേരിട്ട് സ്വീകരിക്കും.

**പരീക്ഷാഫലം**

2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ മോഡൽ 1, 2, 3 ബി.കോം, ബി.ബി.എ, ബി.ബി.എം, ബി.സി.എ, ബി.എഫ്.റ്റി, ബി.എസ്.ഡബ്ല്യൂ, ബി.റ്റി.എസ് (റഗുലർ-2014 അഡ്മിഷൻ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 8 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ മാർച്ച് 7 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ (നോൺ സി.എസ്.എസ്) സപ്ലിമെന്ററി ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 10 വരെ സ്വീകരിക്കും.

എറണാകുളം ഗവ : ലോ കോളേജിലെയും, കാണക്കാരി സി.എസ്.ഐ കോളേജ് ഫോർ ലീഗൽ സ്റ്റഡീസിലെയും തൊടുപുഴ അൽ അസർ ലോ കോളേജിലെയും ഒന്നാം സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷകളുടെഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 7 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സര) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 6 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സര) സപ്ലിമെന്ററി ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 6 വരെ സ്വീകരിക്കും.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസിലെ ഒന്നു മുതൽ ഏഴു വരെ സെമസ്റ്റർ (2012-17 ബാച്ച്)/ ഒന്നു മുതൽ അഞ്ചു വരെ സെമസ്റ്റർ(2013-18 ബാച്ച്)/ഒന്നു മുതൽ മൂന്നു വരെ സെമസ്റ്റർ(2014-19 ബാച്ച്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പുന : പരീക്ഷ**

ഫെബ്രുവരി 10 ന് നടന്ന ഒന്നാം സെമസ്റ്റർ എം.എ മലയാളം പേപ്പർ സംസ്കൃതം - ഭാഷയും സാഹിത്യവും (സി.എസ്.എസ്) പരീക്ഷ റദ്ദാക്കി. പുന:പരീക്ഷ 28 ന് 9.30 മുതൽ 12.30 വരെ അതാത് കേന്ദ്രങ്ങളിൽ നടത്തും.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഒ.ആർ. ആന്റ് സി.എ (സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്‌മെന്റ്) ഡിഗ്രി പരിക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 28 ന് അതാത് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ യൂണിവേഴ്‌സിറ്റി വെബ്ബ്‌സൈറ്റിൽ ലഭ്യമാണ്.

**അഡീഷണൽ ചീഫ് സൂപ്രണ്ട് നിയമനം**

2017 അദ്ധ്യായന വർഷത്തിൽ സർവ്വകലാശാല പരീക്ഷകളുടെ അഡീഷണൽ ചിഫ് സൂപ്ര ായി നിയമനം ലഭിക്കുവാൻ താത്പര്യമുള്ള ഇനിയും അപേക്ഷിച്ചിട്ടില്ലാത്ത അദ്ധ്യാപകർ സമ്മതപത്രം പ്രിൻസിപ്പൽമാരുടെ ശുപാർശയോടെ ഫെബ്രുവരി 27 ന് മുൻപായി പരീക്ഷാകൺട്രോളറുടെ ഓഫീസിൽ എത്തിക്കേ താണ്.

**പ്ലേസ്‌മെന്റ് ആന്റ് ട്രെയിനിംഗ് സെല്ലിന്റെ ഉദ്ഘാടനം ഫെബ്രുവരി 27 ന്**

എം.ജി സർവ്വകലാശാലാ പ്ലേസ്‌മെന്റ് ആന്റ് ട്രെയിനിംഗ് സെല്ലിന്റെ ഉദ്ഘാടനം കോട്ടയം ബസേലിയസ് കോളേജ് ഓഡിറ്റോറിയത്തിൽ തിങ്കളാഴ്ച (ഫെബ്രുവരി 27) ഉച്ചക്ക് 2.30 ന് നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**